

TUESDAY 13-12-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : Sreekala S
Editor : Dr. Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-13/12/2022.

1. അടുത്ത വർഷം മുതൽ സംസ്ഥാനത്ത് പരിസ്ഥിതി ബജറ്റ് എന്ന പേരിൽ ബജറ്റിൽ പാരിസ്ഥിതിക സന്തുലിത കണക്കുകൂടി അവതരിപ്പിക്കുവാനും കേരളം കാർബൺ ന്യൂട്രൽ സംസ്ഥാനം എന്ന ലക്ഷ്യത്തിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞതായും 2050 ഓടെ ഇത് കൈവരിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. കൃഷിവകുപ്പിന്റെ സ്റ്റേറ്റ് സീഡ് ഫാം ആയ ആലുവ ഫാമിനെ രാജ്യത്തെ ആദ്യ കാർബൺ ന്യൂട്രൽ ഫാം ആയി പ്രഖ്യാപനം നടത്തിക്കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആലുവ ടൗൺ ഹാളിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് അദ്ദേഹം ആലുവ ഫാമിനെ കാർബൺ ന്യൂട്രൽ ഫാം ആയി പ്രഖ്യാപിച്ചത്.

2. മൂല്യ വർദ്ധിത കാർഷിക മിഷനിൽ ഒഴിവ്. സംസ്ഥാനത്ത് കൃഷി വകുപ്പ് ആരംഭിക്കുന്ന മൂല്യവർദ്ധിത കാർഷിക പദ്ധതി ആവിഷ്കരണ ടീമിൽ പങ്കെടുക്കാനുള്ള പ്രൊഫഷണലുകളെ ഹ്രസ്വകാല ഡെപ്യൂട്ടേഷൻ/കരാറിൽ നിയമിക്കുന്നു. കൃഷി/ എൻജിനീയറിംഗിൽ ബിരുദവും. ബിരുദാനന്തര ബിരുദവും, ഡോക്ടറൽ ബിരുദവും, മികച്ച ആശയ പ്രകാശനം (സംഭാഷണം, എഴുത്ത്, അവതരണം) ഉള്ളവർക്ക് മുൻഗണന. സർക്കാർ വകുപ്പുകളിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ സർവകലാശാലകളിലോ നിയമിതരായിട്ടുള്ളവർ താഴെ പറയുന്ന ഓൺലൈൻ ഫോമിൽ വിശദാംശങ്ങൾ ഡിസംബർ 15 നകം നൽകേണ്ടതാണ്. യോഗ്യരായ അപേക്ഷകരെ ഹ്രസ്വ പട്ടിക തയ്യാറാക്കി ബന്ധപ്പെടുന്നതാണ്. https://forms.gle/39NsnF3pFcDrcxDR6

3. കേരള റോസ് സൊസൈറ്റിയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന നഗരവസന്തം പുഷ്പോത്സവത്തിൽ പൊതുജനങ്ങൾക്കും റെസിഡന്റ്സ് അസോസിയേഷനുകൾക്കും പങ്കാളികളാകാനും സമ്മാനങ്ങൾ നേടാനും അവസരം. 'നഗരത്തിന് ഒരു വസന്തം' എന്ന് പേരിട്ടിട്ടുള്ള മത്സരത്തിൽ റെസിഡന്റ്സ് അസോസിയേഷനുകൾക്കും വ്യക്തികൾക്കും പങ്കെടുക്കാം. പൂച്ചെടികളും അലങ്കാരച്ചെടികളുമായി 100 ചെടിച്ചട്ടികളിൽ കുറയാതെ എത്തിക്കുന്നവർക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക. പങ്കെടുക്കുന്ന എല്ലാവർക്കും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5000 രൂപ വീതം പ്രോത്സാഹന സമ്മാനവും ലഭിക്കും. താല്പര്യമുള്ളവർ കനകക്കുന്നിന് സമീപം ജവഹർ ബാലഭവനിൽ ഒരുക്കിയിട്ടുള്ള നഗരവസന്തം സംഘാടക സമിതി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447104575** എന്ന നമ്പറിൽ കേരള റോസ് സൊസൈറ്റി വർക്കിംഗ് പ്രസിഡന്റ് അഡ്വ പുഞ്ചക്കരി രവിയുമായി ബന്ധപ്പെടാവുന്നതാണ്. ഈ മാസം 21 മുതൽ ജനുവരി മൂന്ന് വരെയാണ് നഗരവസന്തം സംഘടിപ്പിക്കുന്നത്.

4. പാലക്കാട് ജില്ലയിൽ മണ്ണാർക്കാടിനടുത്ത് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യുണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് ഏവിയൻ സയൻസസ് ആന്റ് മാനേജ്മെന്റ്, തിരുവാഴാംകുന്നിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ പൗൾട്രി സയൻസ്, കമ്പ്യൂട്ടർ സയൻസ്, ബിസിനസ് മാനേജ്മന്റ് എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ടീച്ചിംഗ് അസിസ്റ്റന്റുമാരെ ആവശ്യമുണ്ട്. അപേക്ഷിക്കേണ്ട അവസാന തീയ്യതി ഈ മാസം 16 (16.12.2022). വിശദ വിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### പരിശീലന പരിപാടികൾ

5. സർക്കാർ പൊതുമേഖല സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലയിലെ കൊട്ടിയം മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ 45 -60 ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ട കോഴികൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 9495000923, 9495000913 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ, കൊട്ടിയം ഫാമിൽ നിന്ന് നേരിട്ട് കോഴികളെ വാങ്ങുകയോ ചെയ്യാവുന്നതാണെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

6. തിരുവനന്തപുരം, വെള്ളായണി കാർഷിക കോളേജിൽ **'സസ്യ പ്രജനന മാർഗങ്ങൾ (ഗ്രാഫ്റ്റിങ്, ബഡ്ഡിങ്, ലയറിങ്), വിവിധ തരം കംപോസ്റ്റുകൾ, പച്ചക്കറി കൃഷി, വിളകളുടെ കീട രോഗ നിയന്ത്രണം, വിളകളിലെ പോഷകങ്ങളുടെ അഭാവഭാവങ്ങൾ"** എന്നീ വിഷയങ്ങളിൽ **ഡിസംബർ** 15, 16, 17 തീയതികളിലായി പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് ആയിരം രൂപ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കേറ്റ് നൽകുന്നതാണ്. താല്പര്യമുള്ളവർ പേരും ഫോൺ നമ്പരും **9539115117** എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് സന്ദേശമായാ tssvellayani@kau.inഎന്ന

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ഇമെയിലിലേക്ക് അയക്കുകയോ ചെയ്യുക. ഡിസംബർ 14-ന് (14/12/2022 ന്) 3 മണിക്ക് മുൻപേ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9539115117** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററിൽ ക്ഷീര കർഷകർക്കായി **ശാസ്ത്രീയ പശു പരിപാലനം** എന്ന വിഷയത്തെ ആസ്പദമാക്കി **ഡിസംബർ 12 മുതൽ 17 വരെ** ആറ് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **0473 4299869, 9495390436, 9464453247** എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുകയോ, വാട്സാപ്പ് ചെയ്തോ പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 35 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

8. കോട്ടയം തിരുവല്ലയിലെ മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഡിസംബർ 14-ന് രാവിലെ പത്ത് മണി മുതൽ വൈകുന്നേരം അഞ്ച് മണി **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലന ക്ലാസ്സ് സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **9188522711** എന്ന മൊബൈൽ നമ്പറിലോ, **0469-2965535** എന്ന ഫോൺ നമ്പറിലോ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

മഴക്കാലത്തും മഞ്ഞുകാലത്തും വ്യാപകമായി ചീരയിൽ കാണാൻ സാധ്യതയുള്ള ഒരു രോഗമാണ് ഇലപ്പുള്ളി രോഗം. ഇലകളിൽ വെള്ള നിറത്തോടുകൂടിയ പൊട്ടുകൾ പ്രത്യക്ഷപ്പെടുന്നതാണ് ആരംഭ ലക്ഷണം. രോഗം വരാതെ പ്രതിരോധിക്കുന്നതിനായി പച്ചയും ചുവപ്പും ചീരകൾ ഇടകലർത്തി നടുക, സ്യൂഡോ മോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 10 ദിവസത്തെ ഇടവേളകളിലായി തളിച്ചു കൊടുക്കുക. 40 ഗ്രാം പാൽക്കായം 8 ഗ്രാം അപ്പക്കാരം 32 ഗ്രാം മഞ്ഞൾപൊടി എന്നിവ പത്ത് ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിച്ചു കൊടുക്കുന്നതും രോഗപ്രതിരോധശേഷിക്ക് ഉപകരിക്കും. രോഗം നിയന്ത്രിക്കുന്നതിനായി പുതിയ ചാണകത്തിന്റെ തെളിഞ്ഞ ലായനിയിൽ 20 ഗ്രാം സൂഡോമോണസ് ഒരു ലിറ്ററിന് എന്ന തോതിൽ ഇലകളിൽ തളിച്ച് കൊടുക്കുക.

ശീതകാല പച്ചക്കറികളിൽ വരാൻ സാധ്യതയുള്ള പുഴുക്കേടിനു മുൻകരുതലായി വേപ്പധിഷ്ഠിത കീടനാശിനികൾ തളിച്ചു കൊടുക്കുക.